ബഹു. കേരള ഹൈക്കോടതിയുടെ 2750/00, 2284/00, 2848/00 എന്നീ റിട്ട് അപ്പീൽ കേസുകളിലെ വിധിന്യായത്തിൽ ഉത്തരവായിരിക്കുന്നതിൻപ്രകാരം രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയാൽ മാത്രമേ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്താൻ കഴിയുകയുള്ളു. അപ്പോൾ മാത്രമേ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഉണ്ടാവുകയുള്ളു.

വിധവകളും ഭർത്താക്കൻമാർ ഉപേക്ഷിച്ചവരുമായ നഴ്സിംഗ് അസിസ്റ്റന്റുമാർ

150 [1728] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ പി. ടി. തോമസ്:
„ ലൂഡി ലൂയിസ്:
„ ഡൊമിനിക് പ്രസന്റേഷൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസ് വകുപ്പിലെ ആശുപത്രിയിൽ സെക്കന്റ് ഗ്രേഡ് നഴ്സിംഗ് അസിസ്റ്റന്റുമാരായി വിധവകളേയും ഭർത്താവ് ഉപേക്ഷിച്ചവരേയും നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരെയാണ് ഇങ്ങനെ നിയമിച്ചിട്ടുള്ളത്;

(സി) ഇവരെ പിരിച്ചുവിടരുതെന്ന് കോടതി ഉത്തരവായിട്ടുണ്ടോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട ഇവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റുമാരായി ആരെയും നേരിട്ട് നിയമിക്കുന്നില്ല. എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട പ്രാതിനിധ്യം നൽകുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിലവിലുണ്ട്. രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകി ഒന്നാം ഗ്രേഡ് അറ്റൻഡന്റുമാരായി നിയമനം നൽകുന്നു. ഈ ഒന്നാം ഗ്രേഡ് അറ്റൻഡന്റുമാരെയാണ് നഴ്സിംഗ് അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകി നിയമിക്കുന്നത്.

(സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly